(സി) അംഗീകാരം പിൻവലിക്കുന്നതു നിറുത്തി വയ്ക്കാൻ ജില്ലാ വിദ്യാഭ്യാസ ആഫീസറോട് ആവശ്യപ്പെടുകയുണ്ടായോ ;

(ഡി) എങ്കിൽ എന്തുകൊണ്ടാണു ജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രസ്തുത സ്ക്കൂളിന്റെ അംഗീകാരം പിൻവലിച്ചത് ;

(ഇ) ഇക്കാര്യത്തിൽ വിശദമായ ഒരന്വേഷണം നടത്തി വസ്തുതകൾ അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി, ഡി, ഇ) കയറാടി എൽ. പി. സ്ക്കൂളിന്റെ അംഗീകാരം പിൻ വലിച്ചുകൊണ്ട് പാലക്കാട് ജില്ലാവിദ്യാഭ്യാസ ആഫീസർ 22-5-1985-ൽ ഉത്തരവു പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് 14-6-1985-ൽ ഹൈ ക്കോടതി തള്ളിക്കളഞ്ഞു. 28-5-1985-ൽ അഞ്ചു കൊല്ലത്തേക്ക് പ്രസ്തുത സ്ക്കൂളിന്റെ മാനേജുമെന്റ് ഏറ്റെടുത്തു നടത്തുന്നതിനുവേണ്ടി ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനെ തുടർന്നു പ്രസ്തുത സ്ക്കൂൾ 8-7-1985 മുതൽ വീണ്ടും തുറന്നു പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

ഓമശ്ശേരി എൽ. പി. സ്ക്കൂളിന്റെ മാനേജർ

1421. [2017] ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താമരശ്ശേരി വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട ഓമശ്ശേരി എൽ. പി. സ്ക്കൂളിന്റെ മാനേജർ ഇപ്പോൾ ആരാണ് ;

(ബി) പ്രസ്തുത സ്ക്കൂളിന്റെ മാനേജുമെന്റ് ഒഴിഞ്ഞുകൊടുക്കാനും സ്ക്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ അടുത്തുള്ള സ്ക്കൂളുകളിലേക്കു റ്റി. സി. നൽകി പറഞ്ഞയക്കാനും വിദ്യാഭ്യാസ വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിരുന്നോ ;

(സി) ഈ പ്രശ്നത്തിൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞോ എങ്കിൽ എന്ന് ;

(ഡി) പ്രസ്തുത സ്ക്കൂൾ സർക്കാർ ഏറ്റെടുത്തു നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) താമരശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ.

(ബി) ഇല്ല.

(സി, ഡി) സ്ക്കൂളിന്റെ ഉടമസ്ഥാവകാശത്തെ സംബന്ധിച്ച തർക്കം പരിഹരിക്കപ്പെടാത്തതുകൊണ്ടു സ്ഥിരമായി ഏറ്റെടുത്തു നടത്തുന്നതിനു സർക്കാരിനു ബുദ്ധിമുട്ടുണ്ട്. അതിനാൽ തർക്കം തീരുന്നതുവരെ ഓമശ്ശേരി എൽ. പി. സ്ക്കൂളിന്റെ മാനേജരായി താമരശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ തുടരുന്നതിനു സർക്കാർ അനുമതി നൽകി കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly